മോര്യ-കാപ്പ് ജലസേചന പദ്ധതി

24 (2122) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മോര്യാ-കാപ്പ് ജലസേചന പദ്ധതിയുടെ പ്രവൃത്തി ഉദ്ഘാടനം എന്നാണ് നിർവ്വഹിച്ചത് ;

(ബി) ഉദ്ഘാടനവേളയിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു : ആദ്യം പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനെ പിന്നീട് ടെർമിനേറ്റ് ചെയ്യുകയുണ്ടായോ ;

(സി) പുതുതായി പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ 90 ശതമാനത്തിൽ അധിക നിരക്ക് ആവശ്യപ്പെടുകയുണ്ടായോ ; എങ്കിൽ പുതിയ എസ്റ്റിമേറ്റ് തുക എത്രയാണ് ; പ്രവൃത്തിയുടെ എത്ര ശതമാനം ഇതിനകം നടത്തിയിട്ടുണ്ട് ;

(ഡി) പദ്ധതി ആർ.ഐ.ഡി.എഫ്. 14-ൽ ഉൾപ്പെടുത്താനായി പുതുക്കിയ നിരക്കിൽ പ്രൊപ്പോസൽ സമർപ്പിക്കാൻ ധനകാര്യവകുപ്പു ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ?

ഉത്തരം

(എ) പദ്ധതിയുടെ പ്രവൃത്തി 3-3-2007-ലാണ് ഉദ്ഘാടനം ചെയ്തത്.

(ബി) ഉദ്ഘാടന വേളയിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 95 ലക്ഷം രൂപയായിരുന്നു. ആദ്യം പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനെ കരാറുകാരന്റെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുകയുണ്ടായി.

(സി) ആവശ്യപ്പെടുകയുണ്ടായി. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 2.44 കോടി രൂപയാണ്. ഈ കരാറുകാരൻ ഒന്നുംതന്നെ ചെയ്തിട്ടില്ല.

(ഡി) പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയ പദ്ധതി നബാർഡിന്റെ അടുത്ത ഘട്ടത്തിൽ ഉൾപ്പെടുത്താനായി പുതുക്കിയ നിരക്കിൽ പ്രൊപ്പോസൽ സമർപ്പിക്കാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) പുതുക്കിയ നിരക്കനുസരിച്ച് മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 265 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കിൾ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വർക്ക് റിസ്ക് & കോസ്റ്റ് ലയബിലിറ്റിയിൽ ചെയ്യപ്പെടേണ്ടതിനാൽ വിശദമായ പരിശോധന നടത്തേണ്ടതുണ്ട്. വിശദമായ പരിശോധന നടത്തുമ്പോൾ sl എസ്റ്റിമേറ്റ് തുക കുറയാവുന്നതാണ്. വിശദമായ പരിശോധന നടത്തിയശേഷം അംഗീകാരം നൽകി പണി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly